# കേരള സർവകലാശാല

നം.പി.ആർ.14/2019 ഫോൺ: 2305738
9446173605

## പത്രക്കുറിപ്പ്

### പ്രാക്ടിക്കൽ

2018 ഡിസംബറിൽ നടത്തിയ അഞ്ചാം സെമസ്റ്റർ ബി.പി.എ വോക്കൽ പ്രാക്ടിക്കൽ പരീക്ഷ 2019 ജനുവരി 28 മുതൽ ശ്രീ.സ്വാതി തിരുനാൾ സംഗീത കോളേജിൽ ആരംഭിക്കുന്നതാണ്. വിശദമായ ടൈംടേബിൾ വെബ്സൈറ്റിൽ.

### പരീക്ഷാ കേന്ദ്രങ്ങൾ

2019 ജനുവരി 23 ന് ആരംഭിക്കുന്ന നാലാം സെമസ്റ്റർ എം.ബി.എ (ഫുൾ ടൈം, റെഗുലർ (ഈവനിംഗ്), ട്രാവൽ ആന്റ് ടൂറിസം) പരീക്ഷകൾക്ക് സി.ഇ.ടി തിരുവനന്തപുരം പരീക്ഷാ കേന്ദ്രമായി അപേക്ഷിച്ചവർ ഐ.എം.കെ കാര്യവട്ടത്തും, ടി.കെ.എം കോളേജ് ഓഫ് എഞ്ചിനീയറിംഗ്, കൊല്ലം, ബിഷപ്പ് ജെറോം ഇൻസ്റ്റിറ്റ്യൂട്ട്, കൊല്ലം എന്നിവ പരീക്ഷാ കേന്ദ്രമായി അപേക്ഷിച്ചവർ യു.ഐ.എം മുണ്ടക്കലും, ലൂർദ് മാതാ കോളേജ്, കുറ്റിച്ചൽ പരീക്ഷാ കേന്ദ്രമായി അപേക്ഷിച്ചവർ കിക്മ നെയ്യാർഡാമിലും, മോഹൻദാസ് കോളേജ് ഓഫ് എഞ്ചിനീയറിംഗ്, നെടുമങ്ങാട് പരീക്ഷാ കേന്ദ്രമായി അപേക്ഷിച്ചവർ യു.ഐ.എം പൂജപ്പുരയിലും, രാജധാനി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് എഞ്ചിനീയറിംഗ് പരീക്ഷാ കേന്ദ്രമായി അപേക്ഷിച്ചവർ യു.ഐ.എം വർക്കലയിലും, എസ്.എൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി, അടൂർ പരീക്ഷാ കേന്ദ്രമായി അപേക്ഷിച്ചവർ യു.ഐ.എം ഏഴംകുളത്തും പരീക്ഷ എഴുതേണ്ടതാണ്.

### ടൈംടേബിൾ

2019 ജനുവരി 23 ന് ആരംഭിക്കുന്ന നാലാം സെമസ്റ്റർ എം.ബി.എ (2014 സ്കീം – ഫുൾടൈം റെഗുലർ/യു.ഐ.എം ഈവനിംഗ്/ട്രാവൽ ആന്റ് ടൂറിസം) ഡിഗ്രി പരീക്ഷകളുടെ ടൈംടേബിൾ വെബ്സൈറ്റിൽ.

### പരീക്ഷാഫീസ്

എം.എഫ്.എ (പെയിന്റിംഗ് & സ്കൾപ്പ്ച്ചർ) ഒന്നാം സെമസ്റ്റർ പരീക്ഷ 2019 ഫെബ്രുവരി 18 നും നാലാം സെമസ്റ്റർ പരീക്ഷ 2019 ഫെബ്രുവരി 25 നും ആരംഭിക്കുന്നതാണ്. പിഴ കൂടാതെ ജനുവരി 28 വരെയും 50 രൂപ പിഴയോടെ ജനുവരി 30 വരെയും 125 രൂപ പിഴയോടെ ഫെബ്രുവരി 1 വരെയും അപേക്ഷിക്കാം.

2019 മാർച്ച് 1 ന് ആരംഭിക്കുന്ന നാലാം വർഷ ബി.എഫ്.എ പരീക്ഷയ്ക്കും 2019 മാർച്ച് 13 ന് ആരംഭിക്കുന്ന ഒന്നാം വർഷ ബി.എഫ്.എ പരീക്ഷയ്ക്കും പിഴ കൂടാതെ ഫെബ്രുവരി 1 വരെയും 50 രൂപ പിഴയോടെ ഫെബ്രുവരി 5 വരെയും 125 രൂപ പിഴയോടെ ഫെബ്രുവരി 7 വരെയും അപേക്ഷിക്കാം

# കെ മാറ്റ് പരീക്ഷ

കേരളത്തിലെ എല്ലാ സർവകലാശാലകളിലേക്കും, സർവകലാശാലകളുടെ കീഴിലുള്ള കോളേജുകളിലേക്കും 2019 ലെ എം.ബി.എ പ്രവേശനത്തിന് അർഹത നേടുന്നതിനുള്ള പ്രവേശന പരീക്ഷയായ കെ മാറ്റ് കേരള, 2019 ഫെബ്രുവരി 17 ന് നടത്തുന്നതാണ്. അപേക്ഷകൾ 2019 ജനുവരി 31 വൈകുന്നേരം 5 മണിക്ക് മുമ്പായി ഓൺലൈനായി സമർപ്പിക്കാവുന്നതാണ്. അവസാനവർഷ ബിരുദ വിദ്യാർത്ഥികൾക്കും പരീക്ഷാഫലം പ്രതീക്ഷിക്കുന്നവർക്കും അപേക്ഷിക്കാവുന്നതാണ്. വിശദവിവരങ്ങൾക്കും അപേക്ഷകൾ സമർപ്പിക്കുന്നതിനും kmatkerala.in എന്ന വെബ്സൈറ്റിലും 0471–2335133, 8547255133 എന്നീ നമ്പറുകളിലും ലഭ്യമാണ്.

തിരുവനന്തപുരം.
21.01.2019

പബ്ലിക് റിലേഷൻസ് ഓഫീസർ

**e-mail: ku.release@gmail.com** **website: www.keralauniversity.ac.in**

**University information is available on 0471-2305994, 155300 (BSNL Land line), 0471-155300 (from mobile) 0471-2115054 and 0471-2115098**